DESPATCHED
On 29/10/22...



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1311(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 9088/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

**തീയതി : 2022 ഒക്ടോബർ 26**

ശ്രീ. റ്റി.എസ്. ആശിഷ്,
റ്റി.സി.39/1595(1), അപർണ്ണ ഹൗസ്,
മണക്കാട് പി.ഒ., കിള്ളിപ്പാലം,
തിരുവനന്തപുരം – 695 009. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് (ക്രൈംസ് & അഡ്മിനിസ്ട്രേഷൻ), പോലീസ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം സിറ്റി.

2) അപ്പീൽ അധികാരി & പോലീസ് കമ്മീഷണർ, പോലീസ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം സിറ്റി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/06/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/08/2022, 17/08/2022 |
| ഹിയറിംഗ് നടന്ന തീയതി | 26/10/2022 - വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. റ്റി.എസ്. ആശിഷ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, 5.4.2022 തീയതി രേഖപ്പെടുത്തി തിരുവനന്തപുരം നന്ദാവനം എ.ആർ. ക്യാമ്പിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷ ഒന്നാം എതിർകക്ഷിയായ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ.ക്ക് കൈമാറിയിരുന്നു എന്നും വിവരാവകാശ നിയമത്തെ

സംബന്ധിച്ച് യാതൊരു അറിവുമില്ലാതെ ഏതോ ഒരു വകുപ്പ് ചൂണ്ടികാണിച്ചു കൊണ്ട് എസ്.പി.ഐ.ഒ. ടിയാന്റെ അപേക്ഷ നിരസിച്ചു എന്നും ടി മറുപടിയിൽ ആക്ഷേപമുള്ളതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ യാതൊരു കാരണവും കൂടാതെ നിരസിച്ചു. ആയതിനാൽ ടിയാന്റെ അപ്പീൽ പരിഗണിച്ച് അപേക്ഷയിൽ ആവശ്യപ്പെട്ട 1, 2. 3 ചോദ്യങ്ങളുടെ ഉത്തരവും, 1, 3 രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകണമെന്നുമാണ്.

2. ഹർജിക്കാരൻ തിരുവനന്തപുരം എ.ആർ. ക്യാമ്പിലെ എസ്.പി.ഐ.ഒ. മുമ്പാകെ 05.04.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.219/2022 കേസ്സിലെ പ്രതികളായ ഹർജിക്കാരനെയും ശ്രീ. പ്രസാദ് പി.എൽ.നെയും 5.3.2022 തീയതി കോടതിയിൽ ഹാജരാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പുകളും നൽകണമെന്നുമാണ്:

i. കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.219/2022 കേസ്സുമായി ബന്ധപ്പെട്ട് ടിയാനും മറ്റൊരു പ്രതിയുമായ ശ്രീ. പ്രസാദ് പി.എൽ.-ലും ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡിൽ കഴിയവേ 5.3.2022 തീയതി തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിൽ നിന്നും തിരുവനന്തപുരം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയിരുന്നു എന്നും അപ്രകാരം കോടതിയിൽ ഹാജരാക്കുന്നതിന് വേണ്ടി എ.ആർ.ക്യാമ്പിലെ ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് എസ്കോർട്ട് ഡ്യൂട്ടിക്കായി ചുമതലപ്പെടുത്തിയിരുന്നതെന്നും ഉദ്യോഗസ്ഥരുടെ മുഴുവൻ പേരും പദവിയും ലഭ്യമാക്കണമെന്നും കൂടാതെ എസ്കോർട്ട് ഡ്യൂട്ടിക്ക് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയ ഉത്തരവ്/രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

ii. എ.ആർ.ക്യാമ്പിലെ ഏതു ഉദ്യോഗസ്ഥനാണ് ടിയാൻമാരെ ഹാജരാക്കുന്നതിനു വേണ്ടി എസ്കോർട്ട് ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുഴുവൻ പേരും പദവിയും ലഭ്യമാക്കണമെന്നും

iii. കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.219/2022 കേസ്സുമായി ബന്ധപ്പെട്ട് ടിയാനും മറ്റൊരു പ്രതിയുമായ ശ്രീ. പ്രസാദ് പി.എൽ.-ലും കൈവിലങ്ങ് ധരിപ്പിക്കാൻ നിർദ്ദേശിച്ചിരുന്നോ ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് നിർദ്ദേശിച്ചത് എന്നും ഉദ്യോഗസ്ഥന്റെ മുഴുവൻ പേരും പദവിയും ലഭ്യമാക്കണമെന്നും ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ഉണ്ടെങ്കിൽ നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 07.05.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 12.5.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ക്രമ നമ്പർ 1, 2, 3 ചോദ്യങ്ങളുടെ ഉത്തരവും, ക്രമനമ്പർ 1, 3 എന്നീ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ, ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഹർജിക്കാരനെയും എസ്.പി.ഐ.ഒ.യും നേരിൽ കേൾക്കുന്നതിന് അറിയിപ്പു നൽകിയിരുന്നുവെങ്കിലും ടിയാൻ ഹിയറിംഗിൽ ഹാജരായിട്ടില്ലെന്നും തുടർന്നു വിവരാവകാശ അപേക്ഷയും അപ്പീൽ അപേക്ഷയും ലഭ്യമായ അനുബന്ധ രേഖകളും പരിശോധിച്ചതിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.219/2022 കേസുമായി ബന്ധപ്പെട്ട് ഹർജിക്കാരനെയും മറ്റൊരു പ്രതിയായ ശ്രീ. പ്രസാദ് പി.എൽ.നെയും കോടതിയിൽ ഹാജരാക്കുന്നതിന് എസ്കോർട്ട് ഡ്യൂട്ടിക്കായി ചുമതലപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥരുടെ വിവരം വെളിപ്പെടുത്തുന്നത് ടിയാളുമാരുടെ ജീവനും ശാരീരിക സുരക്ഷിതത്വത്തിനും അപകടകരമായി തീരാവുന്നതും ലഭ്യമായ രേഖകൾ നിയമം നടപ്പാക്കുന്നതിലേക്ക് രഹസ്യമായി സഹായം നൽകിയിട്ടുള്ളവയുമായതിനാൽ വിവരാവകാശ നിയമം 8(1)(ജി) വകുപ്പുപ്രകാരം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ലെന്നുമാണ്. എസ്.പി.ഐ.ഒ. കൈക്കൊണ്ട നടപടികൾ നിയമാനുസരണമാണെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ ആവശ്യമില്ലെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 15.8.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ആശിഷ് ടി.എസ്. സമർപ്പിച്ച വിവരാവകാശ അപേക്ഷ 14.4.2022 തീയതി ടി കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും ആയതിനുള്ള മറുപടി നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ 7.5.2022-ന് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതുമാണെന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ഹർജിക്കാരനെ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 219/2022 കേസുമായി ബന്ധപ്പെട്ടു കോടതിയിൽ ഹാജരാക്കുന്നതിന് എസ്കോർട്ട് ഡ്യൂട്ടിക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ വിവരമാണെന്നും പ്രസ്തുത അപേക്ഷയിൻമേൽ തിരുവനന്തപുരം സിറ്റി എ.ആർ. കമാണ്ടന്റിന്റെ പക്കൽ നിന്നും വിവരശേഖരണം നടത്തി ലഭ്യമായ വിവരത്തിൽ അനുവദനീയമായ വസ്തുതകൾ ഹർജിക്കാരന് ലഭ്യമാക്കിയിട്ടുള്ളതും എന്നാൽ എ.ആർ. കമാണ്ടന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്കോർട്ട് ഡ്യൂട്ടിക്കായി ചുമതലപ്പെടുത്തിയിരുന്ന

ഉദ്യോഗസ്ഥരുടെ വിവരം വെളിപ്പെടുത്തുന്നത് ടി ഉദ്യോഗസ്ഥരുടെ ജീവനോ ശാരീരിക സുരക്ഷിതത്വത്തിനോ അപകടകരമായി തീരാവുന്നതാകയാൽ ടി വിവരം വിവരാവകാശ നിയമം 8(1)(ജി) വകുപ്പു പ്രകാരം വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നതും ആയത് ഹർജിക്കാരനെ അറിയിച്ചിരുന്നതുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ഒന്നും രണ്ടും എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടി തൃപ്തികരമാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ഹിയറിംഗ് വേളയിൽ പരാതിക്കാരനെതിരെ 7-ലധികം കേസുകൾ നിലവിൽ ഉള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാനെ കോടതിയിൽ ഹാജരാക്കുന്ന സമയത്ത് ഡ്യൂട്ടി നിർവ്വഹിച്ചതോ എസ്കോർട്ട് ചെയ്തതതോ ആയ പോലീസ് ഉദ്യോഗസ്ഥരുടെ പേര്, മേൽവിലാസം എന്നിവ പരാതിക്കാരന് നൽകുന്നത് ടി ഉദ്യോഗസ്ഥരുടെ ജീവന് ഭീഷണിയുള്ളതിനാൽ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം ടി വിവരം നൽകാൻ കഴിയില്ലായെന്ന ഒന്നും രണ്ടും എതിർകക്ഷികളുടെ വാദം ന്യായീകരിക്കത്തക്കതാണ്. ഈക്കാര്യത്തിൽ പൊതുതാത്പര്യം ഇല്ലായെന്ന എതിർകക്ഷികളുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 26-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്
Sd/
കമ്മീഷൻ സെക്രട്ടറി